മാറി എഫ്. ഐ. ആർ. തയ്യാറാക്കാനുള്ള സമയമെ എടുത്തുള്ളു. അതു മാത്ര മല്ല മുഖ്യമന്ത്രി പറഞ്ഞത്.....(ബഹളം) സമരങ്ങൾ നടത്തുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകും. അപ്പോൾ പോലീസ് വളരെ.....

മി. സ്പീക്കർ : ഏത് തരം വിദ്യാർത്ഥികൾ ആണെന്ന് അങ്ങേക്ക് അറിയാമെങ്കിൽ പറയൂ.

ശ്രീ. വയലാർ രവി : അവിടെ പഠിപ്പ് മുടക്കിയ വിദ്യാർത്ഥികൾ

(ബഹളം)

മി. സ്പീക്കർ : അങ്ങേക്ക് അറിയാമെങ്കിൽ അത് ഏത് വിഭാഗം വിദ്യാർത്ഥികളാണെന്ന് തുറന്നു പറയൂ.

ശ്രീ. വയലാർ രവി : കെ. എസ്. യു. (ഐ) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. ഈ സഭക്ക് ഒരു കാര്യം ഉറപ്പു തരേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് മുഖ്യമന്ത്രി ആദ്യമേ ഗവൺമെൻറിന്റെ നിലപാട് വ്യക്തമാക്കിയത്. അത് ആവർത്തിച്ച് പറയുക മാത്രമാണ് ചെയ്യുന്നത്. ഏതു തരത്തിലും നിയമവാഴ്ച തടസ്സപ്പെടുത്താനോ നിയമം കയ്യിലെടുക്കാനോ പോലീസ് സ്റ്റേഷനിലോ മറ്റ് ഗവൺമെൻറ് സ്ഥാപനങ്ങളിലോ അക്രമം നടത്താനോ, ഏത് തരത്തിലുള്ള പ്രകടനം നടത്താനോ, പോലീസ് സ്റ്റേഷനുള്ളിൽ കടന്ന് ബഹളം വയ്ക്കാനോ ഉള്ള ഒരു നടപടിക്കും പോലീസ് സമ്മതിക്കുകയില്ല. ഏതെങ്കിലും കൃത്യവിലോപം ഉദ്യോഗസ്ഥൻമാർ കാണിക്കുന്നുവെങ്കിൽ ആ ഉദ്യോഗസ്ഥൻ സമാധാനം പറയണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും കാണിക്കുകയില്ല. നിയമ സമാധാനം പാലിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്, അതിന് അദ്ദേഹം നിർദ്ദേശം കൊടുത്തിട്ടുണ്ട്.

## (42) പി. എ. സി. റിപ്പോർട്ടിനെ സംബന്ധിച്ച് ജലസേചന വകുപ്പുമന്ത്രി ചെയ്തതായി പറയപ്പെടുന്ന പ്രസ്താവന

ശ്രീ എം. വി. രാഘവൻ : സർ, ഇന്നത്തെ മാതൃഭൂമി പത്രത്തിൽ പി. എ. സി. റിപ്പോർട്ടിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട എം. പി. ഗംഗാധരന്റെ ഒരു സ്റ്റേറ്റുമെൻറ് കാണാനിടയായി. ആ സ്റ്റേറ്റ്മെൻറിൽ പറയുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് വസ്തുതകൾ ആരായാതെയാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഈ നിഗമനത്തിൽ എത്തിയിരിക്കുന്നത് എന്നാണ്. ഇത് തികച്ചും രാഷ്ട്രീയ പ്രേരിതമാണെന്ന് ശ്രീ. എം. പി. ഗംഗാധരൻ പ്രസ്താവിച്ചുവെന്നാണ് പറയുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയെപ്പറ്റി പറഞ്ഞിട്ടുള്ള ഈ ആരോപണം വളരെ ഗൗരവമുള്ളതാണ്. അത് പി. എ. സി. യെ അപമാനിക്കാൻ മാത്രമല്ല ഈ സഭയെ തന്നെ അവഹേളിക്കലാണ്. കേരളത്തിലോ, ഇൻഡ്യയിലോ, മറ്റേതെങ്കിലും ജനാധിപത്യ രാജ്യത്തിലോ ഇങ്ങനെയുള്ള ഒരു കമ്മിറ്റിയെ അപമാനിക്കത്തക്കനിലയിൽ സ്റ്റേറ്റ്മെൻറ് നടത്തിയതായി എന്റെ അറിവിൽ പെട്ടിടത്തോളം ഇല്ല. ഇത് അത്രയും ഗൗരവതരമായിട്ടുള്ള കാര്യമാണ്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കഴിഞ്ഞമാസം 25-ാം തീയതി കല്പ്പടയിൽ പോയിയെന്നത് ശരിയാണ്. അവിടെ പോയി പരിശോധിച്ചു. പ്രതിപക്ഷത്തുള്ള മെമ്പർമാർ മാത്രമല്ല പി. എ. സി.യിലുള്ളത്. അപ്പുറത്തിരിക്കുന്ന ശ്രീ. രാമചന്ദ്രൻമാസ്റ്ററും



LIBRARY ARCHIVES Kerala Legislative Assembly

കുഞ്ഞാലിക്കുട്ടിയും സന്ദർശന സമയത്ത് ഉണ്ടായിരുന്നു. അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകളും ഉണ്ടായിരുന്നു. പി. എ. സി. യുടെ റിപ്പോർട്ട് തയ്യാറാക്കിയത് അതിലെ ഓരോ വാചകവും ചർച്ച ചെയ്തിട്ടാണ്. ചർച്ചാ യോഗത്തിലും ശ്രീ. കുട്ട്യാലി, ടി. എസ്. ജോൺ എന്നിവർ ഉണ്ടായിരുന്നു. ശ്രീ. ടി. എസ്. ജോൺ രണ്ടു പ്രാവശ്യം അവിടെ പോയിട്ടുണ്ട്. അങ്ങനെ എല്ലാ ആളുകളും ഏകകണ്ഠമായി അംഗീകരിച്ച്, ഓരോ വാചകവും വ്യക്തമായി ചർച്ചചെയ്ത് അംഗീകരിച്ച റിപ്പോർട്ടാണിത്.

അവിടെ ഇൻസ്പെക്ഷൻ ഗ്യാലറിയിൽ ചോർച്ചയുണ്ട്. ഓഡിയിനേജ് ഗ്യാലറിയിലും ചോർച്ചയുണ്ട്. അതുപോലുള്ള ക്രമക്കേടുകളുണ്ട്, അത് പരിഹരിക്കാൻ സാധിച്ചിട്ടില്ല. മന്ത്രി പറയുന്നത് ഉദ്യോഗസ്ഥൻമാരോട് ചോദിക്കാതെയാണെന്നാണ്. പി. എ. സി. ഏകകണ്ഠമായി ഇതിൽ കൃത്രിമം നടന്നിട്ടുണ്ട്, കൊള്ളരുതായ്മയുണ്ട്, സിമൻറിനെപ്പറ്റിയുള്ള കുഴപ്പങ്ങളുണ്ട് എന്ന് പറഞ്ഞു. ഈ ഡാമിൻറെ വർക്കുമായി ബന്ധപ്പെടാത്ത ആളുകളെ കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് പറഞ്ഞത്. ഇത് പി. എ. സി. യുടെ അഭിപ്രായമാണ്. വളരെ ഗുരുതരമായ പ്രശ്നമാണ്. അങ്ങ് ഈ സഭയുടെ അന്തസ്സ് നിലനിർത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : സർ, മാതൃഭൂമിയിലെ റിപ്പോർട്ട് ഞാനും കാണുകയുണ്ടായി. മറെറാരു പത്രത്തിലും അങ്ങനെയൊരു വാർത്ത കണ്ടില്ല. മാതൃഭൂമിയിൽ വന്ന റിപ്പോർട്ട് ഞാൻ പറഞ്ഞതല്ല, ഞാൻ അത് നിഷേധിക്കുന്നു. ശ്രീ. എം. വി. രാഘവൻ പി. എ. സി. റിപ്പോർട്ടിനെപ്പറ്റി പറഞ്ഞു. പി. എ. സി. റിപ്പോർട്ട് ഗവൺമെൻറിന് ഔപചാരികമായി കിട്ടിയിട്ടില്ല. എന്നാൽ അതിൻറെ ഒരു കോപ്പി ഇന്നലെ നിയമസഭയിൽ വച്ച് കിട്ടി. പി. എ. സി. റിപ്പോർട്ടിനെ ആരും അവഹേളിക്കുകയില്ല, ഒരിക്കലും അവഹേളിക്കാൻ പാടില്ല. നിയമസഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന പാരമ്പര്യമേ ഉണ്ടാകാവൂ. ഞാൻ അത് ശീലിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് ഗവൺമെൻറ് പരിശോധിക്കുന്നതാണ്. അത് പരിശോധിച്ച് വേണ്ട നടപടികൾ എടുക്കുന്നതാണ്.

ഇവിടെ ചോർച്ചയെപ്പറ്റി പറഞ്ഞു. അത് ഉന്നതാധികാരത്തിലുള്ള വാട്ടർ കമ്മീഷൻറെ ആളുകൾ പരിശോധിച്ചു. അവരും നമുക്ക് റിപ്പോർട്ട് തന്നിട്ടുണ്ട്. അവരുടെ റിപ്പോർട്ടുപ്രകാരം ഡാം സേഫാണ്. അപകടമില്ലെന്നല്ല, ചോർച്ച നമുക്ക് കൺട്രോൾ ചെയ്യാവുന്നതാണെന്നാണ് പറഞ്ഞത്. ഞാൻ നാലാന്നാൾ നിയമസഭയിൽ പറഞ്ഞതാണ്. ആ റിപ്പോർട്ട് പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വേണമെങ്കിൽ ഇത് വയ്ക്കാൻ തയ്യാറാണ്. ഇതിൽ യാതൊരു ഒളിച്ചുകളിയുമില്ല. പി. എ. സി. റിപ്പോർട്ടിന് അർഹമായ പ്രാധാന്യം കൊടുത്ത് പരിശോധിക്കുന്നതാണ്. തെളിവുകൾ എടുക്കണമെങ്കിൽ അത് എടുക്കാം. ഇത് നിയമവിധേയമായി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. വാട്ടർ കമ്മീഷൻ വന്ന് പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ഞാൻ ഇവിടെ വയ്ക്കാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട എം. വി. രാഘവൻ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പോയിൻറാണ്. നിയമസഭ കമ്മിറ്റികളെല്ലാം നിയമസഭയുടെ ഒരു മിനി ലെജിസ്ലേച്ചറാണ്. അവയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്ന സന്ദർഭത്തിൽ, ഇതിൽ എല്ലാ ഭാഗത്തുനിന്നുമുള്ള മെമ്പർമാർ ഉള്ളതാണ്, ഇത്തരം റിപ്പോർട്ടുകളെ സംബന്ധിച്ച് ഇത്തരത്തിലുള്ള വിവാദം അല്ലെങ്കിൽ പത്രവാർത്തകൾ ആണെങ്കിൽ പോലും ഒരിക്കലും വരാൻ പാടില്ലാത്തതാണ്. എതായാലും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അത്

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിച്ചിരിക്കുകയാണ്. അദ്ദേഹം തന്റെ നിലപാട് വ്യക്തമാക്കുകയും പി. എ. സി. യോട് ഏതെങ്കിലും തരത്തിൽ ബഹുമാനക്കുറവ് കാണിക്കാൻ ഉദ്ദേശമില്ലെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇത് പ്രൊസീഡു ചെയ്യേണ്ടായെന്നാണ് തോന്നുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ : മന്ത്രി നിഷേധിച്ചു.

മി. സ്പീക്കർ : സാധാരണ പ്രിവിലേജ് തരുന്നത് സഭ തുടങ്ങുന്നതിന് മുൻപാണ്. അങ്ങയുടെ പ്രിവിലേജ് ടെക്നിക്കലായിട്ട് ശരിയല്ല.

## IV 113-ാം ചട്ടപ്രകാരമുള്ള ഹർജി സമർപ്പിക്കൽ

### കൊല്ലം ജില്ലയിലെ കശുവണ്ടിത്തൊഴിലാളികളിൽ നിന്നുള്ള ഒരു ഹർജി

ശ്രീ. ആർ. എസ്. ഉണ്ണി : സർ, കൊല്ലം ജില്ലയിലുള്ള കശുവണ്ടി തൊഴിലാളികളായ ശ്രീമതി അസുമാബീവി, ജയദേവി മുതൽ പേരിൽ നിന്നു ലഭിച്ച ഒരു ഹർജി നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 113-ാം വകുപ്പു പ്രകാരം ഞാൻ സമർപ്പിക്കുന്നു.

## V മേശപ്പുറത്തു വച്ച കടലാസുകൾ

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985 മേയ് 24-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 302/85/ഫിൻ (എസ്. ആർ. ഒ. നമ്പർ 775/85)

(2) 1985 മേയ് 24-ാം തീയതിയിലെ ജി. ഒ. (പി) 303/85/ഫിൻ (എസ്. ആർ. ഒ. നമ്പർ 776/85)

## VI റിപ്പോർട്ട് സമർപ്പണം

### സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. എം. വി. മാണി : സർ, സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## VII അവകാശലംഘന പ്രശ്നങ്ങൾ

### (1) തൊഴിൽ വകുപ്പുമന്ത്രിക്കെതിരായ അവകാശ ലംഘന പ്രശ്നങ്ങൾ

ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ : സർ, നിയമസഭാചട്ടം 155-ാം വകുപ്പനുസരിച്ച് തൊഴിൽവകുപ്പ് മന്ത്രിക്കെതിരായി ഒരവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ഞാൻ നോട്ടീസ് നൽകിയിരുന്നു. അതിന്റെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അത് പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly